(ബി) ചില്ലറ അവധികളിൽ പകരം ആളുകളെ വെക്കുവാൻ ആക്കാണ അധികാരം എന്നു പറയുവാൻ ഭയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) എല്ലാ വകുപ്പുകളിലേക്കും സെലക്ഷൻ നടത്താനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ്. എങ്കിലും ഒരു മാസത്തിൽ കവിയാത്ത കാലാവധിയുള്ള ഒഴിവുകളിൽ അത്യാവശ്യമെന്നു തോന്നുന്നപക്ഷം താല്ക്കാലികമായി പകരം ആളെ വയ്ക്കുവാൻ ഡിപ്പാർട്ടുമെണ്ടുമേലധികാരികൾക്കു അധികാരം നൽകുന്ന കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കയാണ്.

ശ്രീ. ടി. ടി. കേശവശാസ്ത്രി: ഡിപ്പാർട്ടുമെണ്ടു മേലധികാരികൾക്കു മുമ്പു ഈ അധികാരം ഉണ്ടായിരുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ : മുപ്പതു ദിവസത്തിൽ കുറഞ്ഞ ഒഴിവുകളിൽ ഡിപ്പാർട്ടുമെണ്ടു മേലധികാരികൾ നിയമനങ്ങൾ നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ. എന്നാൽ ആ അധികാരം അവക്കു കൊടുക്കണമെന്നുള്ള കാര്യം ഗവണ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. കോന്നാട്ടു കുഞ്ഞിരാമമേനോൻ. ആ ആലോചനയുടെ തീരുമാനം എപ്പോഴുണ്ടാകുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉടനെ ഉണ്ടാകും.

Question No.(7) was not put

ചീഫ് മിനിസ്റ്റർമാരുടെ കാൺഫറൻസ്

*8. (വ) ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏപ്രിൽ മാസത്തിൽ ഡൽഹിയിൽവെച്ചു് ചീഫ് മിനിസ്റ്റർമാരുടെ ഒരു കോൺഫറൻസ് നടന്നിരുന്നതായി ഗവണ്മെണ്ടിനറിയാമോ;

(ബി) ആ കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ചീഫ് മിനിസ്റ്റർ സംബന്ധിച്ചോ; അതു ഏതു തീയതിയാണെന്നു പറയാമോ;

(സി) ആ കാൺഫറൻസ് നടക്കുന്ന ദിവസങ്ങളിൽ ചീഫ് മിനിസ്റ്റർ കൊച്ചിയിൽ സന്നിഹിതനായിരുന്നോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:) (എ) അറിയാം.

(ബി) ഇല്ല. കാൺഫറൻസ് നടന്നതു് ഏപ്രിൽ 10 മുതൽ 12 വരെയുള്ള തീയതികളിലാണ്.

(സി) അതേ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ചീഫ് മിനിസ്റ്റർക്കു പകരം ആരാണ് ഇവിടെ നിന്നും ആ കാൺഫറൻസിൽ സംബന്ധിച്ചതു്?

ശ്രീ ടി. കെ. നാരായണപിള്ള: പ്രത്യേകം ആരും സംബന്ധിച്ചില്ല. അതു കാൺഗ്രസ്സ് പ്രസിഡണ്ടു വിളിച്ചുകൂടിയ ഒരു യോഗമായിരുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ യോഗത്തിൽ സംബന്ധിക്കാത്തതുകൊണ്ടു് ഈ സംസ്ഥാനത്തിനു് എന്തെങ്കിലും ദോഷമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നുമില്ല. അതു പ്ലാനിങ്ങ് കമ്മീഷന്റെ കാര്യത്തെപ്പറ്റി ആലോചിക്കാൻവേണ്ടി കാൺഗ്രസ് പ്രസിഡണ്ടു വിളിച്ചുകൂട്ടിയ യോഗമായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കാലത്തു ബഹു. ചീഫ് മിനിസ്റ്റർ കൊച്ചിയിൽ പോയിരുന്നതു ദേവസ്വം ബോർഡ് എലക്ഷനു മുമ്പാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ദേവസ്വം ബോർഡ് എലക്ഷനു മുമ്പാണോ എന്നു് നിശ്ചയമില്ല. ഏതായാലും ഞാൻ കൊച്ചിയിൽ പോയതു ദേവസ്വം ബോർഡ് എലക്ഷൻ സംബന്ധിച്ചല്ല എന്നു് വ്യക്തമാക്കിക്കൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: കാൺഗ്രസ് പ്രസിഡണ്ടിനു് സംസ്ഥാനങ്ങളിലെ ചീഫ്മിനിസ്റ്റരന്മാരുടെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടാനുള്ള അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് മിനിസ്റ്റരന്മാരുടെ ഒരു കാൺഫറൻസായിരുന്നില്ല അതു്. ചീഫ് മിനിസ്റ്റരന്മാരായിരിക്കുന്ന കാൺഗ്രസ്സുകാരുടെ ഒരു യോഗമായിരുന്നു അതു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഇവിടത്തെ ചീഫ് മിനിസ്റ്റർ ഒരു കോൺഗ്രസ്സുകാരൻ അല്ലാത്തതുകൊണ്ടാണോ ആ യോഗത്തിനു പോകാതിരുന്നതു്. (ചിരി).

വയസ്സുതിരുത്തൽ

*൪൨൪. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

വയസ്സുതിരുത്തലിനെ സംബന്ധിച്ചും കള്ളവയസ്സു കൊടുത്തതിനെ സംബന്ധിച്ചും ആരുടേയെങ്കിലും പേരിൽ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ അന്വേഷണമൊന്നും നടക്കുന്നില്ല.

ശ്രീ. പി. കെ. കുമാരനാശാരി: സർജൻജനറലിന്റെ വയസ്സിനെ സംബന്ധിച്ചു് നവമ്പർമെന്റിനു് എന്തെങ്കിലും ആക്ഷേപം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിട്ടുള്ളതായി ഓർമ്മിക്കുന്നില്ല.

ശ്രീ. കെ. എ. മാത്യു: വയസ്സുതിരുത്തലിനെ സംബന്ധിച്ചു നടപടി എടുത്തിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഇൻഡ്യാഗവമ്മെന്റിൽ നിന്നും എന്തെങ്കിലും കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിരിക്കാം.

ശ്രീ. കെ. എ. മാത്യു: അതിന്മേൽ എന്തു നടപടിയാണു് ഈ ഗവമ്മെന്റിൽനിന്നും എടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് ഇൻഡ്യാഗവമ്മെന്റിലേക്കു് മറുപടി അയച്ചുകൊടുത്തിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Sir, on a point of order. How far such hypothetical answers should be useful to this House? If the question is whether an answer is received, the Minister concerned should say whether it has been received or not. If it is not received action must have been taken. That sort of answer

LIBRARY ARCHIVES Kerala Legislative Assembly